**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4066

16.12.2014-ലെ മറുപടിയ്ക്ക്

## നന്മ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.റ്റി.എ. റഹീം | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) നൻമ സ്റ്റോർ തുടങ്ങുന്നതിനായി പഞ്ചായത്തുകളോ പൊതു സമൂഹമോ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനമോ സന്നദ്ധ സംഘടനകളോ കുറഞ്ഞത് 200/400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്നപക്ഷം വിൽപ്പന സാധ്യത കൂടി പരിഗണിച്ച് പ്രത്യേക പരിഗണനാടിസ്ഥാനത്തിൽ ആ പ്രദേശങ്ങളിൽ നന്മ സ്റ്റോർ ആരംഭിക്കുകയാണ് ചെയ്തുവരുന്നത്. |
| (സി) വ്യവസ്ഥകൾ പാലിച്ചിട്ടും സ്റ്റോറുകൾ തുടങ്ങാത്ത എത്ര സ്ഥലങ്ങളുണ്ട്; | (സി) വ്യവസ്ഥകൾ പാലിച്ച് സ്ഥലം, ലഭ്യമായിട്ടും നന്മ സ്റ്റോറുകൾ തുടങ്ങാത്ത 60 സ്ഥലങ്ങൾ ഉണ്ട്. |
| (ഡി) കഴിഞ്ഞ രണ്ട് വർഷമായി മുൻകൂർ വാടക നൽകി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടും തുടങ്ങാൻ കഴിയാത്ത എത്ര സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ ഉണ്ട് ; | (ഡി) വാടക രഹിതമായി ലഭിക്കുന്ന കെട്ടിടങ്ങളിലാണ് നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. ഇപ്രകാരം സ്ഥലസൗകര്യം ലഭ്യമായിട്ടും തുടങ്ങാൻ കഴിയാത്ത 7 സ്റ്റോറുകളാണ് കോഴിക്കോട് ജില്ലയിൽ ഉള്ളത്. |

| | | | |
|---|---|---|---|
| (ഇ) | അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കോഴിക്കോട് ജില്ലയിൽ മൈക്കാവ്, ചൂലൂർ, കരുവട്ടൂർ, മുച്ചുക്കുന്ന്, ബാലുശ്ശേരി (കോക്കല്ലൂർ), നരിപ്പറ്റ, കാരശ്ശേരി (വല്ലത്തായിപാറ) എന്നീ സ്ഥലങ്ങളിലാണ്. നിലവിലുള്ള നന്മ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയതിനുശേഷം മാത്രം പുതുതായി അനുവദിച്ച നന്മ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചാൽ മതിയെന്ന ഫെഡറേഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ തുടങ്ങാൻ നടപടി സ്വീകരിക്കാത്തത്. |

സെക്ഷൻ ഓഫീസർ